ഫയർ ആന്റ് റസ്ക്യൂ അക്കാദമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

23(*203) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. മുരളി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഗ്നിശമന സേനാവിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച ഫയർ ആന്റ് റസ്ക്യൂ അക്കാദമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ അക്കാദമിയുടെ പ്രവർത്തനത്തിന് കേന്ദ്രസർക്കാരിൽ നിന്നും എന്തൊക്കെ സാങ്കേതിക സഹായങ്ങളാണ് ലഭിച്ചിട്ടുള്ളത് ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) അക്കാദമിയുടെ ഭരണ നിർവ്വഹണവും പരിശീലന പരിപാടികളും കാര്യക്ഷമമാക്കുന്നതിന് ഫയർ ആന്റ് റെസക്യൂ സർവ്വീസസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർ (ഭരണം), മാനേജർ, ജൂനിയർ സൂപ്രണ്ട്, ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ നാലു തസ്തികകൾ സർക്കാർ അക്കാദമിയിലേക്ക് മാറ്റുകയുണ്ടായി. ഈ വകുപ്പിലെ എല്ലാ ജീവനക്കാർക്കും നീന്തലിലും ഡൈവിംഗിലും പരിശീലനം നൽകുന്നതിലേക്കായി 100 ലക്ഷം രൂപ മുടക്കി അക്കാഡമിയിൽ ആധുനിക സജ്ജീകരണങ്ങളോടെ ഒരു സിമ്മിംഗ് പൂൾ നിർമ്മിച്ചുവരുന്നു. ഇതിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞാൽ സർവ്വീസിലുള്ള മുഴുവൻ ജീവനക്കാർക്കും അക്കാദമിയിലെത്തുന്ന എല്ലാ ട്രെയിനികൾക്കും നീന്തലിലും ഡൈവിംഗിലും ആധുനിക പരിശീലനം നൽകുവാൻ സാധിക്കുന്നതാണ്. ഇതിന് ആവശ്യമായ മുങ്ങൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിയ്യൂർ അക്കാദമിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനും ട്രെയിനികൾക്ക് ആധുനിക അഗ്നിശമന പ്രവർത്തനങ്ങളിലും രക്ഷാപ്രവർത്തനങ്ങളിലും പരിശീലനം നൽകുന്നതിനുമായി താഴെപ്പറയുന്ന വാഹനങ്ങളും ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

വിവിധ തരത്തിലുള്ള ആധുനിക ഉപകരണങ്ങളോടുകൂടിയ എമർജൻസി ടെൻഡർ-1, വാട്ടർ ടെൻഡർ-1, ജിപ്സ്-2, കാർ-1, മിനിബസ്സ്-1, ട്രെയിലർ പമ്പ്-4, ഫ്ളോട്ട് പമ്പ് -1, പോർട്ടബിൾ പമ്പ്-1, റോപ്പ് ലാഡർ-1, ഫ്ളോട്ടിംഗ് സ്ട്രെച്ചർ-1, മോഡേൺ ബ്രാഞ്ച് പൈപ്പ്-1, വെൽ ലിഫ്റ്റ്-1

(ബി) സാങ്കേതിക സഹായം ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly